**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2851** **14-09-2023 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിൽ ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | കെ എസ് ഇ ബി എല്ലിന്റെ ആഭിമുഖ്യത്തിൽ **ചിറയിൻകീഴ് മണ്ഡലത്തിൽ** പുതിയ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല.<br><br>ചിറയിൻകീഴ് മണ്ഡലത്തിൽ ഉൾപ്പെട്ട പ്രധാന പാതകളുടെ സമീപം അനുയോജ്യമായ സ്ഥലമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ മുന്നോട്ടു വന്നാൽ നിലവിലുള്ള പദ്ധതി പ്രകാരം അനെർട്ട് മുഖേന പുതുതായി വൈദ്യുത വാഹന ചാർജിംഗ് സംവിധാനം സ്ഥാപിച്ചു നൽകാൻ കഴിയുന്നതാണ്. |
| (ബി) | നിലവിൽ സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കാമോ? | (ബി) | കെ എസ് ഇ ബി എല്ലിന്റെ ആഭിമുഖ്യത്തിൽ ചിറയിൻകീഴ് മണ്ഡലത്തിൽ അവനവൻചേരി ഇലക്ട്രിക്കൽ സെക്ഷൻ പരിസരത്ത് ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ ചുവടെ കൊടുത്തിരിക്കുന്ന 5 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രവർത്തനക്ഷമമാണ്.<br><br>1. ചെമ്പകമംഗലം<br><br>2. കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷന്സമീപം<br><br>3. ആറാട്ടുമുക്ക് ജംഗ്ഷൻ<br><br>4. കിഴുവിലം പഞ്ചായത്ത് ഓഫീസിന് സമീപം<br><br>5. ശാർക്കര റെയിൽവേ ഗേറ്റ് |

സെക്ഷൻ ഓഫീസർ